Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LV
വാല്യം 55

Thiruvananthapuram, Tuesday
തിരുവനന്തപുരം, ചൊവ്വ

27th July 2010
2010 ജൂലൈ 27

5th Sravana 1932
1932 ശ്രാവണം 5

No. / നമ്പർ 1693

## കേരള സർക്കാർ

### തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (ആർറ്റി.) നമ്പർ 1312/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ജൂലൈ 26.*

**എസ്. ആർ. ഒ. നമ്പർ 738/2010.**—1948-ലെ മിനിമം വേജസ് ആക്റ്റ് (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2001 ഏപ്രിൽ 7-ാം തീയതിയിലെ 547-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 355/2001 ആയി പ്രസിദ്ധീകരിച്ച 2001 മാർച്ച് 21-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 1026/01/ തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതിൻപ്രകാരം 2009 മാർച്ച് 6-ാം തീയതിയിലെ 533-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ഫെബ്രുവരി 18-ാം തീയതിയിലെ 28337/ഇ1/2006/തൊഴിൽ എന്ന വിജ്ഞാപനമായി പ്രസിദ്ധീകരിച്ച കരട്

നിർദ്ദേശത്തിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷവും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേജസ് ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും കേരള സംസ്ഥാനത്ത് കൊപ്ര ഉണ്ടാക്കുന്നതിലേക്ക് വേണ്ടി തേങ്ങ ഉണക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രസ്തുത പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിജപ്പെടുത്തുകയും ചെയ്യുന്നു.

## പട്ടിക 1

### 1. തേങ്ങ ഉടച്ച് ഉണക്കുന്ന ജോലി

#### (എ) പീസ് റേറ്റ്

1. *തേങ്ങ ചുമട്ടുകൂലി (പൊതിക്കാത്തത്):*

1000 തേങ്ങ 150 മീറ്റർ വരെ ദൂരത്തിൽ ചുമക്കുന്നതിന് 90 രൂപ 90 പൈസയും അതിന്റെ മുകളിൽ വരുന്ന 50 മീറ്ററിനും അതിന്റെ ഓരോ ഭാഗത്തിനും 20 ശതമാനം കൂടുതലും കൊടുക്കേണ്ടതാണ്.

2. *തേങ്ങ ചുമട്ടുകൂലി (പൊതിച്ചത്):*

1000 തേങ്ങ 150 മീറ്റർ വരെ ദൂരത്തിൽ ചുമക്കുന്നതിന് 32 രൂപ 75 പൈസയും അതിന്റെ മുകളിൽ വരുന്ന 50 മീറ്ററിനും അതിന്റെ ഓരോ ഭാഗത്തിനും 40 ശതമാനം കൂടുതലും കൊടുക്കേണ്ടതാണ്.

3. *തേങ്ങ പൊതിപ്പ് കൂലി:*

1000 തേങ്ങ പൊതിക്കുന്നതിന് 75 രൂപ 30 പൈസ കൊടുക്കേണ്ടതാണ്.

4. *തേങ്ങ ഉടച്ച് നിരത്തുന്നതിന്:*

1000 തേങ്ങ ഉടച്ച് നിരത്തുന്നതിന് 37 രൂപ 70 പൈസ കൊടുക്കേണ്ടതാണ്.

5. *ചിരട്ടയിൽനിന്നും കമഴ്ത്തുന്നതിന് (വേർപെടുത്തുന്നതിന്):*

1000 തേങ്ങ ചിരട്ടയിൽനിന്നും കമഴ്ത്തുന്നതിന് 40 രൂപ 35 പൈസ കൊടുക്കേണ്ടതാണ്.

6. *ഉടച്ച്, ഉണക്കി കൊപ്രയാക്കി ചാക്കിൽ ആക്കുന്നതിന്:*

1000 തേങ്ങ ഉടച്ച്, ഉണക്കി, കൊപ്രയാക്കി, തൂക്കി, ചാക്കിൽ ആക്കി കൊടുക്കുന്നതിന് 190 രൂപ 90 പൈസ കൊടുക്കേണ്ടതാണ്.

#### (ബി) ദിവസക്കൂലി (8 മണിക്കൂർ ജോലിക്ക്)

അടിസ്ഥാന വേതനം 142 രൂപ വെച്ച് കൊടുക്കേണ്ടതാണ്.

## 2. കൊപ്ര വാങ്ങൽ, ഗന്ധക കൂട്ടിൽ വയ്ക്കൽ

(എ) പീസ് റേറ്റ്

| ക്രമ നമ്പർ | ജോലി | തൂക്കം/അളവ് (ക്വിന്റൽ) | ആകെ കൂലി (രൂപ പൈസ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വാങ്ങുന്ന കൊപ്ര കളത്തിലേക്ക് ഇറക്കുന്നതിന് | 100 | 284.60 |
| 2 | കൊപ്ര കളത്തിൽ നിന്നോ ഗോഡൗണിൽ നിന്നോ ലോറിയിലോ വള്ളത്തിലോ കയറ്റുന്നതിന് | 100 | 284.60 |
| 3 | വാങ്ങുന്ന കൊപ്ര ചാക്കിൽ പിടിച്ചു കെട്ടാതെ നേരിട്ട് കൂട്ടിൽ വയ്ക്കുന്നതിന് | 100 | 284.60 |
| 4 | ഗന്ധക കൂട്ടിൽ കെട്ടാതെ വച്ചിരിക്കുന്ന കൊപ്ര എടുത്ത് കളത്തിൽ കുടഞ്ഞിടുന്നതിന് | 100 | 284.60 |
| 5 | കളത്തിൽ നിന്നും വാരുന്ന കൊപ്ര ചാക്കിൽ കെട്ടാതെ ചേരിലോ ഡ്രയറിലോ ഇടുന്നതിന് | 100 | 284.60 |
| 6 | വാങ്ങുന്ന കൊപ്ര ചാക്കിൽ പിടിച്ചു വയ്ക്കുന്നതിന് | 100 | 142.40 |
| 7 | വാങ്ങുന്ന കൊപ്ര ചാക്കിൽ പിടിച്ച് കെട്ടി വയ്ക്കുന്നതിന് | 100 | 269.95 |
| 8 | വാങ്ങുന്ന കൊപ്ര ചാക്കിൽ പിടിച്ച് കെട്ടി പുകക്കൂട്ടിൽ വയ്ക്കുന്നതിന് | 100 | 412.50 |
| 9 | ഗന്ധക കൂട്ടിൽ കെട്ടിവച്ചിരിക്കുന്ന കൊപ്ര യാർഡിൽ കെട്ടഴിച്ച് ചൊരിയുന്നതിന് | 100 | 412.50 |
| 10 | ചേരിൽ നിന്നോ ഡ്രയറിൽ നിന്നോ കൊപ്ര നേരിട്ട് ഗന്ധക കൂട്ടിൽ വയ്ക്കുന്നതിനും മറിച്ച് ഇതേജോലി ചെയ്യുന്നതിനും | 100 | 569.10 |
| 11 | നിറ ചാക്ക് അട്ടിവയ്ക്കുന്നതിന് | 100 | 170.70 |
| 12 | കൊപ്ര ചാക്കിൽ വാരി കെട്ടിവയ്ക്കുന്നതിന് | 100 | 125.50 |
| 13 | നിറ ചാക്കിൽ വച്ചിരിക്കുന്ന കൊപ്ര കെട്ടഴിച്ച് ഇടുന്നതിന് | 100 | 127.95 |
| 14 | കൊപ്ര ചെത്തുവാൻ വേണ്ടി ഡോൾ, ചിപ്പ, ചാക്ക് അട്ടി വച്ചു കൊടുക്കുന്നതിന് | 100 | 142.40 |
| 15 | ഗന്ധക കൂട്ടിൽ നിന്നും നിറചാക്ക് നേരേ വള്ളത്തിലോ ലോറിയിലോ കയറ്റുന്നതിന് | 100 | 426.55 |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | വാരി നിറച്ച് ചാക്ക് ഗുദാമിൽ കൊണ്ടുപോയി കുത്തി അട്ടിവയ്ക്കുന്നതിന് | 100 | 125.50 |
| 17 | കള്ളിയിൽ ചാക്ക് എടുത്തിട്ട് തുന്നൽ അറുത്ത് ചൊരിഞ്ഞ് പലക (ഞവരി) കൊണ്ട് പരത്തി ഉണക്കുന്നതിന് | 100 | 240.85 |
| 18 | ചാക്ക് പിടിച്ച് വാരി നിറയ്ക്കുന്നതിന് | 100 | 125.50 |
| 19 | വാരിനിറച്ച് തുന്നാത്ത ചാക്ക് ഒരേ തൂക്കത്തിൽ തൂക്കൽ ഒപ്പിക്കുന്നതിന് | 100 | 125.50 |

**(ബി) ദിവസക്കൂലി (8 മണിക്കൂർ ജോലിക്ക്)**

ചുമട്ടുകാരുടേതും മറ്റ് എല്ലാ ജോലികൾക്കും 142 രൂപ

## 3. കളത്തിൽ പണിക്കാർക്ക് നിശ്ചയിക്കുന്ന ടൈംറേറ്റ്

| | | *അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| 1. | ദിവസക്കൂലി (8 മണിക്കൂർ ജോലിക്ക്) | 142 |
| 2. | മാസ ശമ്പളക്കാർ | 3,692 |

## 4. കൊപ്ര തിരുവുകാർ

**പീസ് റേറ്റ്**

| *ക്രമ നമ്പർ* | *ജോലി* | *തൂക്കം/അളവ് (ക്വിന്റൽ)* | *ആകെ കൂലി (രൂപ പൈസ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | നിംഫ്/സ്പെഷ്യൽ റായി | 1 | 24.30 |
| 2 | റായി | 1 | 18.80 |
| 3 | ഡാല | 1 | 10.25 |
| 4 | വെട്ടുമേനി (ഓടെ കൊപ്ര) | 1 | 6.70 |
| 5 | ഗുണ്ട് | 1 | 22.80 |
| 6 | നാനി വെട്ടി | 1 | 20.20 |
| 7 | ദിവായിൽ നിന്നും ദിൻപസന്ത് തിരിച്ചിൽ | 1 | 11.60 |
| 8 | രാജപൂർ, മലത്തി, മദിരാശി ഇത് എല്ലാം കൂടി തിരിച്ചിൽ | 1 | 10.10 |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | തൊണ്ടൻ ഒഴിച്ച് ദിൻ പസന്ത് 0, 1, 2, 3 മാത്രം തിരഞ്ഞെടുക്കൽ | 1 | 10.10 |
| 10 | മിൽ തൊണ്ടൻ തിരിച്ചിൽ | 1 | 10.10 |
| 11 | റാസ്പടി, കൊപ്രയിൽനിന്നും പച്ച തേങ്ങ ആട്ടി റാസ് തിരിച്ചിൽ | 1 | 4.75 |
| 12 | തറ-ആഫീസ് | 1 | 4.30 |
| 13 | തറ-റാസ്സ് | 1 | 3.80 |
| 14 | ആഫീസ് | 1 | 3.80 |
| 15 | റാസ്സ് | 1 | 3.25 |
| 16 | ഏതിനം കൊപ്രയിൽനിന്നും കിലോന തിരിച്ചിൽ | 1 | 55.30 |

*കുറിപ്പ്* :—തിരുവുകാരുടെ മേൽപ്പറഞ്ഞ കൂലി ഉച്ചഭക്ഷണ അലവൻസ് കൂടി ചേർത്തുള്ളതാണ്.

## 5. കൊപ്ര മുറി, കൊപ്ര ചെത്ത്

### പീസ് റേറ്റ്

| *ക്രമ നമ്പർ* | *ജോലി* | *തൂക്കം/അളവ് (ക്വിന്റൽ)* | *ആകെ കൂലി (രൂപ പൈസ)* |
|---|---|---|---|
| 1 | ഡോൾ കട്ടിംഗ് | 1 | 15.60 |
| 2 | ചില്ല കട്ടിംഗ് (ആലപ്പുഴ) | 1 | 24.50 |
| 3 | രാശി-റായി | 1 | 19.00 |
| 4 | കിലോന | 1 | 56.65 |
| 5 | ചില്ല (വടകര, കോഴിക്കോട്) | 1 | 53.65 |
| 6 | രംഘട | 1 | 28.60 |
| 7 | ദീവായി | 1 | 26.80 |
| 8 | ഗുണ്ടും റായും കൂടിയത് | 1 | 23.95 |
| 9 | നാനി വെട്ടി | 1 | 22.80 |
| 10 | ദുൽപസന്ത്, മലത്തി, മദിരാശി | 1 | 20.25 |
| 11 | ഡാല 4 ഉം അതിന് മേലേയും | 1 | 17.30 |
| 12 | മൂടുമുറി ദിൽ പസന്ത് വരെ | 1 | 52.65 |
| 13 | മൂട്മുറി ഉണ്ട | 1 | 57.60 |
| 14 | മൂട്മുറി റായി | 1 | 60.25 |
| 15 | ഉണ്ട രണ്ടായി മുറിക്കുക | 1 | 11.40 |
| 16 | റായി | 1 | 25.10 |

## 6. തയ്യൽ മാർക്കിംഗ്, കെട്ടിവയ്ക്കൽ

പീസ് റേറ്റ്

| ക്രമ നമ്പർ | ജോലി | തൂക്കം/അളവ് (ക്വിന്റൽ) | ആകെ കൂലി (രൂപ പൈസ) |
|---|---|---|---|
| 1 | ചാക്ക് പിടിച്ച് ഒറ്റ തയ്യൽ (മാർക്കിംഗ് ഉൾപ്പെടെ) | 100 | 90.30 |
| 2 | ഡബിൾ തയ്യൽ (മാർക്കിംഗ് ഉൾപ്പെടെ) | 100 | 200.75 |
| 3 | പായിടാതെ 4 മൂല മടക്കി തയ്ക്കുന്നതിന് (ബങ്കി തുന്ന്) | 100 | 250.90 |
| 4 | പായിട്ടോ പ്ലാസ്റ്റിക്കിട്ടോ 4 മൂല മടക്കി തയ്ക്കുന്നതിന് (മാർക്കിംഗ് ഉൾപ്പെടെ) (ബങ്കി തുന്ന്) | 100 | 323.30 |
| 5 | നിറച്ചു വച്ച ചാക്ക് ആവശ്യാനുസരണം കയറുകൊണ്ട് കെട്ടുന്നതിന് | 100 | 61.70 |
| 6 | മേൽപ്പറഞ്ഞ കെട്ടിനു പുറമേ കൂടുതൽ കയറ് കൊണ്ട് സ്പെഷ്യൽ ആയി കെട്ടുന്നതിന് (രണ്ടിനും കൂടി) | 100 | 100.35 |

### പട്ടിക 2

## കളത്തിൽ പണിക്കാർ

പീസ് റേറ്റ്

| ക്രമ നമ്പർ | ജോലി | തൂക്കം/ അളവ് | നിശ്ചയിക്കുന്ന കൂലി (രൂപ പൈസ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ബസാറിൽനിന്നും കാലിച്ചാക്കുകൾ വാങ്ങി എണ്ണം എടുത്ത് വാഹനത്തിൽ കയറ്റിയോ തലച്ചുമട് ആയോ ഗോഡൗണിൽ കൊണ്ടു വന്ന് അട്ടിവയ്ക്കുന്നതിന് ആകെ കൂലി | 100 കെട്ടിന് | 281.95 |
| 2 | (എ) ഉണക്കം, കള്ളിയിൽ താർപായ വിരിച്ച്, അട്ടി പിരിച്ച് ചാക്കെടുത്ത് തുന്നറുത്ത് കള്ളിയിൽ ചൊരിഞ്ഞ് പരത്തി വടിപ്പ് കൊണ്ടോ മറ്റ് വിധത്തിലോ മൂന്നോ നാലോ തവണ മറിച്ചും മഴ വരുമ്പോൾ കൂട്ടി മൂടിയും തെളിയുമ്പോൾ തുറന്ന് പരത്തിയും, ഉണക്കി കൂട്ടി പായിട്ട് മൂടിയും ആദ്യത്തെ ദിവസത്തെ ഉണക്കത്തിന് | 100 ക്വിന്റലിന് | 273.20 |

| (1) | (2) | (3) | (4) |
|---|---|---|---|
| | (ബി) ഉണക്കം, കള്ളിയിൽ താർപായ വിരിച്ച്, അട്ടി പിരിച്ച് ചാക്കെടുത്ത് തുന്നറുത്ത് കള്ളിയിൽ ചൊരിഞ്ഞ് പരത്തി വടിപ്പ് കൊണ്ടോ മറ്റ് വിധത്തിലോ മൂന്നോ നാലോ തവണ മറിച്ചും മഴ വരുമ്പോൾ കൂട്ടി മൂടിയും തെളിയുമ്പോൾ തുറന്ന് പരത്തിയും, ഉണക്കി കൂട്ടി പായിട്ട് മൂടിയും രണ്ടാമത്തെ ദിവസം മുതൽ ഉണക്കത്തിന് | 100 ക്വിന്റലിന് | 267.20 |
| 3 | (എ) നിറച്ച് തുന്നാതെ വച്ച ചാക്കിൽ നിന്ന് വേറെ ചാക്കിലേക്ക് മറിക്കൽ | 100 ക്വിന്റലിന് | 118.05 |
| | (ബി) നിറച്ച് തുന്നി വച്ച ചാക്കുകൾ അട്ടിപിരിച്ച് തുന്നറുത്ത് വേറേ ചാക്കിലേക്ക് മറിക്കൽ | 100 ക്വിന്റലിന് | 144.25 |
| 4 | (എ) നിറച്ച് തുന്നി വച്ച ചാക്കുകൾ എടുത്ത് സൗകര്യമുള്ള സ്ഥലത്ത്, മുറിയിലോ, ഗോഡൗണിലോ കൊണ്ടുപോയി എണ്ണാവുന്ന വിധത്തിൽ അട്ടിവയ്ക്കൽ | 100 ക്വിന്റലിന് | 137.55 |
| | (ബി) ഒരു മുറിയിൽ നിന്ന് മറ്റ് മുറിയിലേക്കുള്ള തൊഴികെ ഗോഡൗണിലോ, പണ്ടകശാലയിലോ ഒരു സ്ഥലത്ത് നിന്നും അട്ടിപിരിച്ച് എടുത്ത് മറ്റ് സ്ഥലത്തേക്ക് കൊണ്ടുപോയി എണ്ണാവുന്ന വിധത്തിൽ അട്ടിവയ്ക്കൽ | 100 ക്വിന്റലിന് | 169.80 |
| | (സി) ഒരു മുറിയിൽനിന്നും അട്ടിപിരിച്ച് വേറെ ഏതെങ്കിലും മുറിയിൽ കൊണ്ടുപോയി എണ്ണാവുന്ന വിധത്തിൽ അട്ടിവയ്ക്കൽ | 100 ക്വിന്റലിന് | 243.60 |
| 5 | നിറച്ച് തുന്നി വച്ച ചാക്കുകൾ, അട്ടിപിരിച്ച് മെഷിനിലേക്ക് കൊണ്ടുപോയി വച്ച്, തുന്നലറുത്ത് തൂക്കം ഒപ്പിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനും | 100 ക്വിന്റലിന് | 144.25 |
| 6 | കാലി ചാക്കിൽ പായിട്ട് ഒരേ തൂക്കത്തിൽ തൂക്കം ഒപ്പിച്ച് സെറ്റാക്കിവയ്ക്കുന്നതിന്, പായ ഇടുന്ന കൂലിക്കുപുറമേ തൂക്കം ഒപ്പിക്കുന്ന ജോലിക്ക് | 100 സെറ്റ് | 39.45 |
| 7 | അട്ടിയിലുള്ള ചാക്കുകൾ തൂക്കൽ അട്ടിപിരിച്ച് ചാക്കെടുത്ത് കൊണ്ടുപോയി മെഷിനിൽ വച്ച് തൂക്കിമാറ്റുന്നതിന് | 100 ക്വിന്റലിന് | 85.35 |
| 8 | ചാക്ക് ജോട്ടയിടൽ ഒരു കാലിചാക്കിന്റെ ഉള്ളിൽ വേറൊരു കാലിചാക്ക് ജോട്ടയിട്ട് സെറ്റാക്കി വയ്ക്കൽ | 100 സെറ്റിന് | 29.55 |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | *പായിടൽ:* | | |
| | (എ) ഓരോ ചാക്കിലും 5 പായ വരെ ഇട്ട് സെറ്റാക്കുന്നതിന് | 100 സൈറ്റിന് | 59.05 |
| | (ബി) 5 പായയ്ക്ക് പുറമേ ഓരോ പായ അധികമായിട്ട് സെറ്റാക്കുന്നതിന് മേൽപ്പറഞ്ഞ കൂലിക്കുപുറമേ | 100 പായക്ക് | 6.55 |
| 10 | *പ്ലാസ്റ്റിക്കിടൽ:* | | |
| | കാലിച്ചാക്കിന്റെ ഉള്ളിൽ പ്ലാസ്റ്റിക് ഉറകൾ ഇട്ട് സെറ്റാക്കുന്നതിന് | 100 സെറ്റിന് | 39.45 |
| 11 | *പായ കൊണ്ട് വരുന്നതിന്:* | | |
| | ബസാറിൽ നിന്ന് പായ ബണ്ടിൽ എണ്ണി വാഹനത്തിലോ ചുമട് ആയിട്ടോ കൊണ്ട് വന്ന് ഗോഡൗണിൽ അട്ടിവയ്ക്കുന്നതിന് ആകെ കൂലി | 100 കെട്ടിന് | 209.50 |
| 12 | *മേലുറ ഇടൽ:* | | |
| | അട്ടിപിരിച്ച് ചാക്കെടുത്ത് പാക്ക് ചെയ്ത് ചാക്കിൻ മേൽ വേറൊരു കാലി ചാക്ക് കൊണ്ട് മേലുറ ഇടുന്നതിന് | 100 ചാക്കിന് | 68.80 |
| 13 | *തുന്നലിന് മഷി തേയ്ക്കൽ:* | | |
| | ഓരോ ചാക്കിൻമേലുള്ള എല്ലാ തുന്നലുകൾക്കും മഷി തേയ്ക്കുന്നതിന് | 100 ചാക്കിന് | 6.55 |
| 14 | *ലോറിയിൽ കയറ്റിറക്ക്:* | | |
| | (എ) 50 കിലോ തൂക്കം വരെയുള്ള ചാക്കുകൾ അട്ടിപിരിച്ച് ലോറിയിൽ കയറ്റുന്നതിനും ലോറിയിൽ നിന്ന് ഇറക്കിക്കൊണ്ടുവന്ന് ഗുദാമിൽ എണ്ണത്തക്ക വിധത്തിൽ അട്ടിവയ്ക്കുന്നതിനും | 100 ചാക്കിന് | 144.25 |
| | (ബി) മേൽ വിവരിച്ച പ്രവൃത്തിക്ക് 51 കിലോ മുതൽ 70 കിലോ വരെയുള്ള ചാക്കുകൾക്ക് | 100 ചാക്കിന് | 167.25 |
| | (സി) മേൽ വിവരിച്ച പ്രവൃത്തിക്ക് 71 കിലോ മുതൽ മേൽപ്പോട്ട് തൂക്കമുള്ള ചാക്കുകൾക്ക് | 100 ചാക്കിന് | 216.45 |
| 15 | *കൊട്ട ഒഴിക്കൽ:* | | |
| | കൊപ്ര തിരഞ്ഞ ശേഷം ഓരോ ക്വാളിറ്റി കൊപ്ര കൊട്ടയിൽ നിറച്ചുകൊണ്ട് പോയി ചൊരിഞ്ഞിടുന്നതിന് ഒഴിച്ച കൊപ്രയുടെ തൂക്കത്തിന് മാത്രം | 100 ക്വിന്റലിന് | 180.25 |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | *മാർക്കടി:* | | |
| | (എ) കാലിചാക്കിന്മേൽ ഓരോഭാഗത്ത് മാർക്കടിക്കുന്നതിന് | 100 ചാക്കിന് | 22.80 |
| | (ബി) നിറച്ച് തുന്നി വച്ച ചാക്കുകൾ അട്ടിപിരിച്ച് ഒരു വശത്ത് മാത്രം ഒന്നോ അതിലധികമോ ബോർഡുകൾ ഉപയോഗിച്ച് ഒരു നിറത്തിലോ, ഒന്നിലധികം നിറത്തിലോ മാർക്കടിക്കുന്നതിന് | 100 ചാക്കിന് | 52.45 |
| | (സി) മേൽ വിവരിച്ച പ്രവൃത്തി രണ്ടുവശവും ചെയ്യുന്നതായാൽ | 100 ചാക്കിന് | 70.60 |
| | (ഡി) തുന്നിയ ചാക്കുകളിൻമേൽ പ്രത്യേക അടയാളങ്ങളോ, അക്കങ്ങളോ ബോർഡില്ലാതെ എഴുതുന്നതിന് | 100 ചാക്കിന് | 65.50 |
| | (ഇ) നിറച്ചു വച്ച ചാക്കുകൾ അട്ടിപിരിച്ചെടുത്ത് ഒരു വശമോ രണ്ടു വശമോ മാർക്കടിക്കുന്നതിന് ഏത് വിധത്തിലായാലും | 100 ചാക്കിന് | 70.60 |
| 17 | *പുകക്കൂട്ടിൽ വയ്ക്കൽ, എടുക്കൽ:* | | |
| | (എ) പുകവയ്ക്കുവാൻ വേണ്ടി ചാക്കുകൾ പുകക്കൂട്ടിലേക്ക് എടുക്കുന്നതിന് എക്സ്ട്രാ | 100 ചാക്കിന് | 36.05 |
| | (ബി) പുകക്കൂട്ടിൽ വച്ച ചാക്കുകൾ പുകക്കൂട്ടിൽ നിന്ന് എടുക്കുന്നതിന് എക്സ്ട്രാ | 100 ചാക്കിന് | 58.95 |

**ക്ഷാമബത്ത:**—ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഓരോ ജില്ലാ ആസ്ഥാനത്തേക്കുംവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന അതാത് ജില്ലാ ആസ്ഥാനങ്ങളിലെ ഉപഭോക്തൃ വില സൂചികയുടെ (പുതിയ സീരീസ് 1998–99=100) 100 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ ശമ്പളക്കാർക്ക് 82 പൈസ നിരക്കിലും മാസ ശമ്പളക്കാർക്ക് 21 രൂപ 32 പൈസ നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചികയുടെ അടിസ്ഥാനത്തിൽ ആറുമാസത്തിൽ ഒരിക്കൽ അതായത് ജനുവരി ഒന്നാം തീയിതിയിൽ നിശ്ചയിച്ച് ജനുവരി മുതൽ ജൂൺ വരെയും ജൂലൈ 1-ാം തീയതിയിൽ നിശ്ചയിച്ച് ജൂലൈ മുതൽ ഡിസംബർ വരെയും ക്ഷാമബത്ത കണക്കുകൂട്ടി അടിസ്ഥാന വേതനത്തോടൊപ്പം നൽകണം. ഇടുക്കി, വയനാട് എന്നീ ജില്ലാ കേന്ദ്രങ്ങൾക്ക് വേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നതു വരെ ഇടുക്കി ജില്ലയ്ക്ക് മൂന്നാർ കേന്ദ്രത്തിന്റെയും വയനാട് ജില്ലയ്ക്ക് മേപ്പാടി കേന്ദ്രത്തിന്റേയും ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കി ക്ഷാമബത്ത നൽകേണ്ടതാണ്.

**33/2944/10.**

*കുറിപ്പ്*:—പീസ് റേറ്റ് വിഭാഗം തൊഴിലാളികൾക്ക് 2009 ഏപ്രിൽ മാസത്തിലെ 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ 2010 ജനുവരി മാസത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലേയും കൂടിയുള്ള ശരാശരി സൂചികയിലേതിനേക്കാൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലേയും കൂടിയുള്ള ശരാശരി സൂചികയിൽ ഉണ്ടാകുന്ന ഓരോ അഞ്ചു പോയിന്റ് വർദ്ധനവിനും അപ്രകാരം അഞ്ചു പോയിന്റ് വർദ്ധിച്ച മാസം ഒന്നാം തീയതി മുതൽ ഓരോ ജോലിക്കും പട്ടികയിൽ പറഞ്ഞിട്ടുള്ള വേതന നിരക്കുകളിൽ 5 ശതമാനം വീതം (ഓരോ 5 പോയിന്റിന്റെ വർദ്ധനവിനും 5 ശതമാനം വീതം) വർദ്ധനവ് നൽകേണ്ടതാണ്.

**ഉയർന്ന വേതനത്തിന് സംരക്ഷണം.**—ഏതെങ്കിലും സ്ഥാപനത്തിൽ അഥവാ ഏതെങ്കിലും തൊഴിലാളികൾക്ക് പട്ടികയിൽ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്കിലുള്ള വേതനം നിലവിൽ നൽകി വരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം തന്നെ തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സലകുമാരി,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്ത് കൊപ്ര ഉണ്ടാക്കുന്നതിലേക്കുവേണ്ടി തേങ്ങ ഉണക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുറഞ്ഞകൂലി നിരക്കുകൾ 2001 മാർച്ച് 21-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) 1026/2001/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. 1948-ലെ മിനിമം വേജസ് ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പ്രസ്തുത മേഖലയിലെ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച പ്രാഥമിക നിർദ്ദേശങ്ങൾ 2009 ഫെബ്രുവരി 18-ാം തീയതിയിലെ 28337/ഇ1/2006/തൊഴിൽ എന്ന വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമതിയുമായി കൂടിയാലോചിച്ചതിന് ശേഷവും മിനിമം വേതനം നിജപ്പെടുത്താൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.